പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2067 — 23.03.2012-ൽ മറുപടിയ്ക്ക്

ആസ്തി നിർണ്ണയം ദോഷകരമാകാതിരിക്കാൻ നടപടി.

| ചോദ്യം<br>ശ്രീ. ചിറ്റയം ഗോപകുമാർ : | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
|---|---|
| (എ) സംസ്ഥാന വൈദ്യുതി ബോർഡിൻെറ കമ്പനിവത്ക്കരണവുമായി ബന്ധപ്പെട്ട് ആസ്തി നിർണ്ണയിക്കുന്നത് വൈദ്യുതിമേഖലയെ ഭാവിയിൽ ദോഷകരമായി ബാധിക്കാതിരിക്കുന്നതിനായി എന്തെല്ലാം നടപടികളാണു കൈക്കൊണ്ടിട്ടുള്ളത് ;<br><br>(ബി) മുഴുവൻ ആസ്തിയുടെയും വിവരങ്ങൾ വ്യക്തമായി ശേഖരിച്ച് അവയുടെ ഇപ്പോഴത്തെ മാർക്കറ്റ് വില, റവന്യൂ ഏണിംഗ് കപ്പാസിറ്റി, എനർജി ജനറേറ്റിംഗ് കപ്പാസിറ്റി തുടങ്ങിയ കാര്യങ്ങളെ അടിസ്ഥാനമാക്കി ആസ്തികളുടെ കൈമാറ്റ വില നിർണ്ണയിക്കുമോ ; | (എ) & (ബി) വൈദ്യുതി ബോർഡിൻെറ ആസ്തികൾ കഴിയുന്നത്ര കൃത്യതയോടുകൂടി കണക്കാക്കുന്നതിന് നടപടികൾ എടുത്തിട്ടുണ്ട്. വൈദ്യുതി ബോർഡിൻെറ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തുന്നത് 2003-ലെ കേന്ദ്ര വൈദ്യുതി ആക്ടിലെ 131-ാം വകുപ്പനുസരിച്ചാണ്. അതുകൊണ്ടു തന്നെ വൈദ്യുതി ബോർഡിൻെറ ആസ്തി നിർണ്ണയവും മൂല്യനിർണ്ണയവും വൈദ്യുതി മേഖലയെ ദോഷക രമായി ബാധിക്കുകയില്ല. |
| (സി) അനുബന്ധ വിഷയങ്ങൾ ബന്ധപ്പെട്ട ട്രേഡ് യൂണിയനുകളുമായി ആലോചിച്ചു നടപ്പിലാക്കുന്നതിന് നടപടിയുണ്ടാകുമോ ? | (സി) ആവശ്യമായ വിഷയങ്ങളിലെല്ലാം ട്രേഡ് യൂണിയനുകളുമായി ആലോചിച്ചു തന്നെയാണ് ഇക്കാര്യത്തിൽ നടപടിയെടുത്തുവരുന്നത്. |

സെക്ഷൻ ഓഫീസർ.